പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

20.6.2018 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*285

# കാഴ്ചപരിമിതർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) കാഴ്ച പരിമിതിയുള്ളവർക്ക് വേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) കാഴ്ച പരിമിതിയുള്ളവർക്ക് വേണ്ടി സംസ്ഥാനത്ത് മാതൃജ്യോതി, കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള ധനസഹായ പദ്ധതി, ഇൻസൈറ്റ് പ്രോജക്ട് (NGO മുഖേന ) എന്നിവ സാമൂഹ്യനീതി വകുപ്പ മുഖേന നടപ്പിലാക്കി വരുന്നു.<br>ജന്മനായുണ്ടാകാൻ സാദ്ധ്യതയുള്ളതും അന്ധതയിലേയ്ക്ക് നയിക്കുന്നതുമായ Retinopathy of Prematurity (ROP) എന്ന അവസ്ഥ നേരത്തേ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഒരു പദ്ധതി 2018-19 മുതൽ നടപ്പാക്കുന്നതിന് സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷന് അംഗീകാരം നൽകിയിട്ടുണ്ട്<br>കാഴ്ച വൈകല്യമുള്ളവർക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-<br>1. 1,00,000 രൂപക്കു താഴെ വരുമാനമുള്ള +2, ഡിഗ്രി ലെവലിലോ അതിനു മുകളിലോ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലാപ്ടോപ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ) സൗജന്യമായി നൽകി വരുന്നു. |

2. 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിത്വമുള്ള 18 വയസ്സിനുമുകളിൽ പ്രായമുള്ള കാഴ്ച വൈകല്യമുള്ളവർക്ക് ഏരിയാ സർവ്വീസ് ബാങ്ക് മുഖാന്തിരം സ്വയം തൊഴിൽ വായ്പയും, വിദ്യാഭ്യാസ വായ്പയും അനുവദിച്ചു വരുന്നു. ടി വായ്പക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സബ്സിഡിയും നൽകി വരുന്നു.

3. വൈറ്റ്കെയിൻ, ബ്രെയിലി കിറ്റ്, ബ്രെയ്‌ലി കാൽക്കുലേറ്റർ, ടോക്കിംഗ് കാൽകുലേറ്റർ, സ്മാർട്ട് ഫോൺ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തു വരുന്നു.

കാഴ്ച പരിമിതിയുള്ളവർക്ക് വേണ്ടി ആരോഗ്യ വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-

1. തിമിര ബാധ മൂലം കാഴ്ച നഷ്ടപ്പെട്ടവർക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സർക്കാർ ഇതര ആശുപത്രികൾ എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള ശസ്ത്രക്രിയ, മരുന്ന് എന്നിവ സൗജന്യമായി നൽകി വരുന്നു.
2. പ്രമേഹജന്യ നേത്രാന്തരപടല ബാധിച്ച വർക്ക് സൗജന്യമായ ലേസർ ചികിത്സ, സൗജന്യമായി ശസ്ത്രക്രിയ, മരുന്ന് എന്നിവ ലഭ്യമാക്കുന്നു.
3. നേത്രാതിമർദ്ദം(ഗ്ലോക്കോമ) മുൻകൂട്ടി കണ്ടെത്തുവാനും ആയതിനുള്ള ശസ്ത്രക്രിയ, ചികിത്സ, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നു.
4. സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധിച്ച്. കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സൗജന്യമായി കണ്ണട വിതരണം നടത്തി വരുന്നു.

| | |
|---|---|
| | 5. സഞ്ചരിക്കുന്ന നേത്ര വിഭാഗം കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ സൗജന്യ ക്യാമ്പുകൾ സംഘടിപ്പിച്ച് തിമിര രോഗികളെ ആശുപത്രികളിലെത്തിച്ച് സൗജന്യ ശസ്ത്രക്രിയ ചെയ്ത് തിരികെ അവരുടെ സ്ഥലങ്ങളിൽ എത്തിക്കുന്നു.<br>6. നേത്ര പടലാന്ധത പരിഹരിക്കുന്നതിനായി ആറ് നേത്ര ബാങ്കുകളും കോർണിയ കളക്ഷൻ സെന്ററുകളും സർക്കാർ സഹായത്തോടെ 24 മണിക്കൂറും പ്രവർത്തിച്ച് വരികയും കോർണിയ വച്ച് പിടിപ്പിക്കൽ ശസ്ത്രക്രിയകൾ സൗജന്യമായി ചെയ്ത് വരുകയും ചെയ്യുന്നു.<br>7. ഗ്രാമങ്ങളിൽ നേത്ര സംരക്ഷണം ഉറപ്പാക്കുന്നതിലേയ്ക്കായി ഒപ്റ്റോമെട്രിസ്റ്റുകളുടെ നേതൃത്വത്തിൽ 50 വിഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. നേത്ര രോഗ വിദഗ്ധരുടെ പരിശീലനത്തിനും ഗവേഷണങ്ങൾക്കും മുൻതൂക്കം നൽകിക്കൊണ്ട് മേഖലാ സ്ഥാപനമായ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി 24 മണിക്കൂറും പ്രവർത്തിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഴ്ചപരിമിതിയുള്ളവർക്ക് വേണ്ടി നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഴ്ചപരിമിതിയുള്ളവർക്ക് വേണ്ടി ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജനറൽ ആശുപത്രിയിലെ മുടങ്ങിക്കിടക്കുന്ന ശസ്ത്രക്രിയ വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. കോട്ടയം ജില്ലയിലെ പാമ്പാടി ജില്ലാ ആശുപത്രി, ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ ആശുപത്രി, നെടുംകണ്ടം താലൂക്ക് ആസ്ഥാന ആശുപത്രികളിൽ നേത്ര രോഗ ശസ്ത്രക്രിയ വിഭാഗം പ്രവർത്തനം ആരംഭിച്ചു.<br>3. നേത്ര സംരക്ഷണത്തിന്റെ ഭാഗമായി മൂന്ന് പ്രാഥമിക നേത്ര പരിശോധനാ കേന്ദ്രം(കൊല്ലം-1, ആലപ്പുഴ-2) ആരംഭിച്ചു.<br>4. സംസ്ഥാനത്ത് 2,33,49,040/- രൂപ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നേത്ര ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി തുക കേരള മെഡിക്കൽ |

| | |
|---|---|
| | സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) ന് കൈമാറിയിട്ടുണ്ട്.<br>5. കുന്നംകുളം, ഇരിട്ടി, വർക്കല, ഹരിപ്പാട് എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികളിലേയും തൊടുപുഴ, മാനന്തവാടി എന്നീ ജില്ലാ ആശുപത്രികളിലേയും നേത്ര ശസ്ത്രക്രിയ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 59,95,740/- രൂപ നൽകിയിട്ടുണ്ട്.<br>6. 2018-19 ൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നേത്ര വിഭാഗത്തിന്റെ ഉന്നമനത്തിനായി 55.53 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>7. പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയ മറ്റു വിഭാഗങ്ങൾ താഴെ പറയുന്നു:-<br><br>1) 14 ജില്ലകളിൽ റെറ്റിനോപ്പതി ഓഫ് പ്രിമെച്ചരിറ്റി(മാസം തികയാത്തതും ഭാരക്കുറവുള്ളതുമായ ശിശുക്കളുടെ നേത്രാന്തരപടലാന്ധത) മുൻകൂട്ടി കണ്ടെത്തുന്നതിനായി 15,40,000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്<br>2) തിമിര ശസ്ത്രക്രിയയുടെ ഉന്നമനത്തിനായി വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 3,23,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്.<br>3) എറണാകുളം ജനറൽ ആശുപത്രിയിൽ ലേസർ ചികിത്സ നൽകുന്നതിലേയ്ക്കായി മെഡിക്കൽ റെറ്റിനോ യൂണിറ്റ് വാങ്ങുന്നതിനായി 1,04,50,450/- രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര വിഹിതത്തിൽ ഉൾപ്പെടുത്തി താഴെ പറയുന്നവ അനുവദിച്ചു.<br>a. 16 പ്രാഥമിക നേത്ര പരിശോധനാ കേന്ദ്രങ്ങൾ അനുവദിച്ചു.<br>b. പുതുതായി 7 സഞ്ചരിക്കുന്ന നേത്ര വിഭാഗം വാഹനങ്ങൾക്കായി 15.4 ലക്ഷം രൂപ വകയിരുത്തി |
| (സി) കാഴ്ചപരിമിതിയുള്ളവർക്ക് വേണ്ടി കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ വായ്പാപദ്ധതിയും, വിദ്യാഭ്യാസ വായ്പയും (എൻ.എച്ച്.എഫ്.ഡി.സി) കാഴ്ച വൈകല്യമുള്ളവർക്ക് നടപ്പിലാക്കി |

വരുന്നു. സ്വയംതൊഴിൽ വായ്പയിന്മേൽ കാഴ്ച വൈകല്യമുള്ളവർക്ക് 0.5% പലിശയിളവും മാനദണ്ഡങ്ങൾക്ക് വിധേയമായി സബ്സിഡിയും അനുവദിച്ചു വരുന്നു.

കേന്ദ്രസർക്കാരിന്റെ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഓഫ് കൺട്രോൾ ഓഫ് ബ്ലൈന്റ്നസ് (NPCB) സംസ്ഥാനത്ത് ആരോഗ്യ വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

ദേശീയ അന്ധതാ നിയന്ത്രണ പരിപാടികൾ നടപ്പിൽ വരുത്തുന്നതിലേയ്ക്കായി 60% കേന്ദ്ര സർക്കാരിന്റെയും 40% സംസ്ഥാന സർക്കാരിന്റെയും വിഹിതമായി നൽകി വരുന്നു.

തിമിര ബാധ മൂലം കാഴ്ച നഷ്ടപ്പെട്ടവർക്ക് ആധുനിക രീതിയിലുള്ള ശസ്ത്രക്രിയ, മരുന്ന് എന്നിവ സൗജന്യമായി നൽകി വരുന്നു. നേത്രാതിമർദ്ദം(ഗ്ലോക്കോമ) മുൻകൂട്ടി കണ്ടെത്തുവാനും ആയതിനുള്ള ശസ്ത്രക്രിയ, ചികിത്സ, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നു. സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധിച്ച്. കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സൗജന്യമായി കണ്ണട വിതരണവും ഗ്രാമ പ്രദേശങ്ങളിൽ സൗജന്യ ക്യാമ്പുകളും സൗജന്യ ശസ്ത്രക്രിയകളും നടത്തുന്നു. നേത്ര ബാങ്കുകളും കോർണിയ കളക്ഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. കോർണിയ വച്ചു പിടിപ്പിക്കൽ ശസ്ത്രക്രിയകൾ സൗജന്യമായി ചെയ്തു വരുന്നു.

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജനറൽ ആശുപത്രിയിലെ മുടങ്ങിക്കിടക്കുന്ന ശസ്ത്രക്രിയ വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കോട്ടയം ജില്ലയിലെ പാമ്പാടി ജില്ലാ ആശുപത്രി, ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ ആശുപത്രി, നെടുംകണ്ടം താലൂക്ക് ആസ്ഥാന ആശുപത്രികളിൽ നേത്ര രോഗ ശസ്ത്രക്രിയ വിഭാഗം പ്രവർത്തനം ആരംഭിച്ചു.

നേത്ര സംരക്ഷണത്തിന്റെ ഭാഗമായി മൂന്ന് പ്രാഥമിക നേത്ര പരിശോധനാ കേന്ദ്രം(കൊല്ലം-1, ആലപ്പുഴ-2) ആരംഭിച്ചു.

സംസ്ഥാനത്ത് 2,33,49,040/- രൂപ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നേത്ര ചികിത്സാ ഉപകരണങ്ങൾ വാങ്ങി

| | |
|---|---|
| | നൽകുന്നതിനായി തുക കെ.എം. എസ്.സി.എൽ- ന് കൈമാറിയിട്ടുണ്ട്.<br>കുന്നംകുളം, ഇരിട്ടി, വർക്കല, ഹരിപ്പാട് എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികളിലേയും തൊടുപുഴ, മാനന്തവാടി എന്നീ ജില്ലാ ആശുപത്രികളിലേയും നേത്ര ശസ്ത്രക്രിയ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 59,95,740/- രൂപ നൽകിയിട്ടുണ്ട്.<br>കേന്ദ്ര വിഹിതത്തിൽ ഉൾപ്പെടുത്തി 16 പ്രാഥമിക നേത്ര പരിശോധനാ കേന്ദ്രങ്ങൾ അനുവദിച്ചു.<br>പുതുതായി 7 സഞ്ചരിക്കുന്ന നേത്ര വിഭാഗം വാഹനങ്ങൾക്കായി 154 ലക്ഷം രൂപ വകയിരുത്തി<br>സ്കൂൾ കുട്ടികളുടെ കണ്ണട വിതരണത്തിനായി 200 ലക്ഷം രൂപ 2018-19 വർഷത്തിലേയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രായമായ ജനങ്ങൾക്ക് കണ്ണട വിതരണം ചെയ്യാൻ 50 ലക്ഷം രൂപ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ